പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 487 06.02.2013 -ലെ മറുപടി

**കൈനകരി - ചേന്നങ്കരി, ചമ്പക്കുളം ബസ് സർവ്വീസുകൾ**

ചോദ്യം

ശ്രീ. തോമസ് ചാണ്ടി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലപ്പുഴയിൽ നിന്നും കൈനകരി - ചേന്നങ്കരി -പൂപ്പള്ളി -നെടുമുടി വഴി ചങ്ങനാശ്ശേരിക്കും തിരിച്ചും ബസ് സർവ്വീസ് ആരംഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | (എ) | അമ്പലപ്പുഴയിൽ നിന്നും കൈനകരി -ചേന്നങ്കരി-പൂപ്പള്ളി-നെടുമുടി വഴി ചങ്ങനാശ്ശേരിക്കും തിരിച്ചും ബസ് സർവ്വീസ് ആരംഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ സർവ്വീസിന് അനുമതി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | നിലവിൽ ചമ്പക്കുളം വരെയുള്ള ബസ് സർവ്വീസ് എടത്വ വരെ നീട്ടുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | (ബി) | ആലപ്പുഴ-ചമ്പക്കുളം റൂട്ടിൽ നിലവിലുള്ള സർവ്വീസുകൾ വിദ്യാർത്ഥികളുടെയും സ്ഥിരം യാത്രക്കാരുടെയും സൗകര്യത്തിനനുസരിച്ച് ക്രമീകരിച്ചിരിക്കുകയാണ്. ഈ സർവ്വീസുകൾ എടത്വാക്ക് നീട്ടിയാൽ ട്രിപ്പുകളുടെ എണ്ണം കുറയുവാനും യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുവാനും സാധ്യതയുണ്ട്. ആയതിനാൽ പുതിയ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ടി റൂട്ടിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതാണ് ഉചിതമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ